അധ്യായം. 52
സൂറത്തു അത്വൂർ

മക്കയിൽ അവതരിച്ചത്. വചനങ്ങൾ 49.

സത്യനിഷേധികൾ ഉന്നയിക്കുന്ന സംശയങ്ങൾക്കും ആരോപണങ്ങൾക്കും തെളിവുകളുടേയും പ്രമാണങ്ങളുടേയും വെളിച്ചത്തിൽ വ്യക്തത നൽകുകയാണ് പ്രധാനമായും ഈ സൂറത്തിലൂടെ. അല്ലാഹുവിന് കീഴ്പ്പെടുവാനും അവന് പൂർണമായി സമർപ്പിക്കുവാനും പ്രേരണകൾ നൽകുക കൂടി ചെയ്യുന്നു.

1 - 14

(ഒന്നു മുതൽ 14 വരെയുള്ള ആയത്തുകളുടെ പ്രധാനആശയം)

1. അവിശ്വാസം എന്നും ഒന്നാണ്. അതിന്റെ ആളുകളോ, സ്ഥലമോ, കാലമോ, മാർഗങ്ങളോ വ്യത്യാസപ്പെടുന്നു എന്ന് മാത്രം. ആശയങ്ങൾക്കോ, വിശ്വാസകാര്യങ്ങൾക്കോ പൊതുവിൽ മാറ്റമില്ല.
2. അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങൾക്കെത്തിച്ചുകൊടുക്കാൻ തന്റെ ദൂതനെ നിശ്ചയിച്ച കാര്യം ഇവിടെ സത്യപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.
3. എല്ലാ രംഗത്തും അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതിന്റെ സാക്ഷാത്കാരമാണ് ജിന്നിനെയും മനുഷ്യനെയും സൃഷ്ടിച്ചതിന്റെ ലക്ഷ്യം.
4. ഉയിർത്തെഴുന്നേൽപ്പുനാൾ സംഭവിക്കുമ്പോൾ പ്രപഞ്ചത്തിന്റെ ഇന്ന് കാണുന്ന അവസ്ഥകൾക്ക് സമ്പൂർണമായ മാറ്റം സംഭവിപ്പിച്ചേക്കും.

വിശദീകരണം:

• മൂസ നബിﷺയോട് അല്ലാഹു സംസാരിച്ച പർവതം, വരികളായി ക്രമീകരിക്കപ്പെട്ട ഗ്രന്ഥം, തുറന്ന് വെക്കാവുന്ന ഏടുകളിൽ എഴുതപ്പെട്ട ഗ്രന്ഥം, മേൽകൂരയായ ആകാശം, വെള്ളം നിറഞ്ഞു നിൽക്കുന്ന കടൽ ഇവയെക്കൊണ്ടെല്ലാമാണ് അല്ലാഹു സത്യം ചെയ്യുന്നത്. ഇവയാകട്ടെ അങ്ങേ

യറ്റം ആലോചനക്ക് വക നൽകുന്നതാണ്.

• വാഗ്ദത്തം നൽകപ്പെട്ട ശിക്ഷ സംഭവിക്കുന്നതും പ്രതിരോധിക്കാനാവാത്തതുമാണ്. സത്യ നിഷേധികൾ തമാശയായി കണ്ട പ്രതിഫല നടപടികൾ കഠിനമായ ശിക്ഷകൾ യാഥാർത്ഥ്യ മാകുമ്പോൾ അവർക്കുണ്ടാവുന്ന നഷ്ടവും, നാശവും ഇവിടെ വ്യക്തമാക്കുന്നു.

• ശാരീരിക വേദനകൾക്കു പുറമെ മനസിന് അപമാനവും വേദനയും തോന്നുന്ന വാക്കുകൾ അവരോട് പറയപ്പെടും. 13,14 വചനങ്ങൾ അതാണ് പരാമർശിക്കുന്നത്.

• "നിങ്ങളെ ഭയപ്പെടുത്തിയപ്പോൾ നിങ്ങൾ നിഷേധിച്ചത് ഇപ്പോൾ നിങ്ങൾ അനുഭവിക്കുന്ന ഈ നരകത്തെയാണ്. ഇതിപ്പോഴും നിങ്ങൾ കാണുന്നില്ലേ? അതോ, ഇതും മായാജാലമാണെന്ന് വിചാരിച്ചുവോ?"

15 - 31

പ്രധാന ആശയങ്ങൾ:

1. സ്വർഗ ജീവിതം പൂർണ സന്തോഷത്തിലാവാൻ കർമങ്ങളിൽ ഏറ്റക്കുറവുകളുണ്ടെങ്കിലും മാതാപിതാക്കളെയും മക്കളെയും സ്വർഗത്തിൽ ഒരേ പദവിയിൽ ഒരുമിച്ച് ചേരാൻ അല്ലാഹു അവസരം നൽകും.
2. പരലോകത്ത് ലഭിക്കുന്ന മദ്യം യാതൊരുവിധ ബുദ്ധിമുട്ടും അത് കുടിക്കുന്നവർക്ക് ഉണ്ടാക്കുന്നില്ല.
3. ഇഹലോകത്ത് അല്ലാഹുവിനെ ഭയപ്പെട്ട് ജീവിച്ചവർക്ക് പരലോകത്ത് അവൻ നിർഭയത്വം നൽകും.

വിശദീകരണം:

• നിഷേധികൾക്കുള്ള നരകം പേടിപ്പെടുത്തുന്ന നിലയിൽ വിശദീകരിക്കുമ്പോൾ തന്നെ സ്വർഗത്തെ അത്യാകർഷകമായി വർണിക്കുകയും ചെയ്യുന്നു.

• സുഖമാസ്വദിക്കലാണ് അവർക്ക് അവിടെയുള്ള ജോലി. فَاكِهِين എന്നതിന്റെ ആശയം അതാണ്. ശാരീരികമായ, വ്യത്യസ്തങ്ങളായ സുഖങ്ങളോടൊപ്പം നരകത്തിൽ നിന്ന് രക്ഷപ്പെ ട്ടല്ലോ എന്നതാണ് അവരുടെ ഏറ്റവും വലിയ സന്തോഷം.

• സുഖ സന്തോഷങ്ങൾക്ക് യാതൊരു ഭംഗവും അവിടെ സംഭവിക്കില്ല. ഇഷ്ടമുള്ളതെല്ലാം ലഭിക്കും. ഭക്ഷണ പാനീയങ്ങളാവട്ടെ, മറ്റു സൗകര്യങ്ങളാവട്ടെ അവ ഉപയോഗിക്കുന്നതിൽ യാ തൊരു ബുദ്ധിമുട്ടും സംഭവിക്കുമെന്ന് ഭയപ്പെടേണ്ടതില്ല.

• സൗന്ദര്യത്തിന്റെ പൂർണ ലക്ഷണങ്ങളൊത്ത ഇണകൾ, മനോഹരമായി സംവിധാനിക്കപ്പെട്ട കട്ടിലുകൾ, വ്യത്യസ്ത പഴങ്ങൾ, കൊതിപ്പിക്കുന്ന മാംസാഹാരങ്ങൾ, മദ്യത്തിന്റെ കോപ്പകൾ അവർ പരസ്പരം കൈമാറി കുടിക്കും. എന്നാൽ ലഹരി പിടിച്ചവർക്ക് ഇവിടെ സംഭവിക്കുന്ന കുറ്റകൃത്യങ്ങളോ അനാവശ്യവാക്കുകളോ അവരിൽ നിന്നുണ്ടാവുന്നില്ല.

• സേവനങ്ങൾക്ക് ചിപ്പികളിൽ സംരക്ഷിക്കപ്പെട്ട വെളുത്ത മുത്തുകൾ പോലുള്ള ബാല ന്മാരുണ്ട്. ഇഹലോകത്ത് കഴിഞ്ഞുപോയ കാര്യങ്ങൾ അവർ അവിടെ പരസ്പരം ചർച്ച ചെയ്യും. അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെട്ട് ജീവിച്ചതും ഇസ്ലാം സ്വീകരിക്കുന്നതിലൂടെ ലഭിച്ച മഹാ ഭാഗ്യത്തെക്കുറിച്ചും, കഠിനമായ നരകച്ചൂടിൽ നിന്ന് രക്ഷപ്പെട്ടതിനെകുറിച്ചും അവർ സംസാ രിക്കും. രക്ഷപ്പെടാൻ കഴിഞ്ഞതിന്റെ പ്രധാന കാരണങ്ങളായി അവർ കാണുന്നത് അല്ലാഹുവിനെ ആരാധിച്ചതും, നരകരക്ഷക്കായി പ്രാർഥിച്ചതും, കരുണാമയനായ റബ്ബ് അവന്റെ വാഗ്ദത്തം

പാലിച്ചു എന്നതെല്ലാമാണ്. അതിനാൽ ക്വുർആൻ കൊണ്ടുള്ള പ്രബോധനം ശത്രുക്കളുടെ ആരോപണത്തെ വിലവെക്കാതെ തുടരണമെന്ന് ഓർമപ്പെടുത്തുന്നു.

• ഏതെങ്കിലും തരത്തിലുള്ള വിപത്തുകൾ വന്ന് നബി ﷺ മരണപ്പെട്ട് പോവുകയും തങ്ങൾക്കാശ്വാസമായി തീരുകയും ചെയ്യുമെന്നാണവർ പ്രതീക്ഷിക്കുന്നതെങ്കിൽ അവരോട് പറയേണ്ടത് "നിങ്ങൾ എന്റെ മരണത്തെ പ്രതീക്ഷിക്കൂ...നിങ്ങളുടെ നിഷേധത്തിന് ശിക്ഷ ഇറങ്ങുന്നത് ഞാനും പ്രതീക്ഷിക്കാം."

32-49

പ്രധാന ആശയങ്ങൾ:

1. ക്രമം തെറ്റിയ ജീവിത രീതികളാണ് വഴികേടിലേക്ക് എത്തിക്കുന്ന പ്രധാന കാരണം.
2. മതപരമായ യാഥാർത്ഥ്യങ്ങളെ സ്ഥാപിക്കാനും ബോധ്യപ്പെടുത്തി കൊടുക്കാനും ബുദ്ധിപരമായ വാഗ്വാദങ്ങൾ പ്രധാനമാണ്.
3. ക്വബ്ർ ജീവിതവും അവിടെയുള്ള രക്ഷാ ശിക്ഷകളും സംഭവിക്കുന്നതുതന്നെയാണ്.

വിശദീകരണം:

• നബി ﷺ ഭ്രാന്തനും, ജ്യോത്സ്യനുമാണെന്ന് പറയുന്നവർ ബുദ്ധിപരമോ, മതപരമോ ആയ ഒരടി സ്ഥാനവും സ്വീകരിക്കാത്ത അതിരുവിട്ടവരാണ്. കാരണം ഇത്രയും ബുദ്ധിപരമായ കാര്യങ്ങൾ പറയുന്ന ഒരു വ്യക്തി ഭ്രാന്തനാകുന്നത് എങ്ങിനെ?

• നബി ﷺ ഈ ഗ്രന്ഥം സ്വയം കെട്ടിയുണ്ടാക്കിയതാണെന്നും അവർ പറയുന്നു. അല്ലെന്ന് അവർക്ക് അറിയാം. വിശ്വസിക്കാതെ അഹങ്കരിക്കാൻ വേണ്ടി പറയുന്ന ഒരുന്യായം മാത്രം.

• ഇനി അവർ ഇത് കെട്ടിച്ചമക്കപ്പെട്ടതാണെന്ന് പറയുന്നുവെങ്കിൽ അവർക്കത് തെളിയിക്കാൻ ബാധ്യതയുണ്ട്. മനുഷ്യരുടെ വചനങ്ങളാണെങ്കിൽ അവർക്കും ഇതിന് സമാനമായത് കൊണ്ടു വരാൻ സാധിക്കുമല്ലോ?

• ഒരു സൃഷ്ടി എങ്ങനെയാണ് അതിനെ തന്നെ സൃഷ്ടിക്കുക? അല്ലെങ്കിൽ സ്രഷ്ടാവ് ഇല്ലാതെ സ്വയം ഉണ്ടാവണം. അതും അസാധ്യം. അപ്പോൾ അവർ സൃഷ്ടിക്കപ്പെട്ടവരും അല്ലാഹു സ്രഷ്ടാവും അവർ അവനെ ആരാധിക്കാൻ ബാധ്യസ്ഥരുമാണ്.

• ആകാശ ഭൂമികൾ ഇവിടെ ഉണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. അവരല്ല അതിനെ സൃഷ്ടിച്ചതെന്ന് അവർക്കറിയുകയും ചെയ്യും. അല്ലാഹുവാണ് സ്രഷ്ടാവ്. അവർ വിശ്വസിച്ചാൽ അല്ലാഹുവിനെ ഏകനാക്കുകയും പ്രവാചകനെ അംഗീകരിക്കുകയും ചെയ്യും.

• അവരുദ്ദേശിക്കുന്നവർക്ക് പ്രവാചകത്വം നൽകാനോ, അതിനെ അവർ വിചാരിക്കുന്നപോലെ കൈകാര്യം ചെയ്യാനോ, ആകാശത്തു കേറിപ്പോയി വഹ്യുമായിവന്ന് തങ്ങളാണ് സത്യത്തിലെന്ന് സ്ഥാപിക്കാനോ അവർക്ക് കഴിയില്ല.

• ബുദ്ധിയുണ്ടെന്ന് പറയുന്നവരിലെ വിശ്വാസത്തിലെ ബുദ്ധിശൂന്യത കൂടി അല്ലാഹു ചൂണ്ടിക്കാണിക്കുന്നു. അവർക്കിഷ്ടമില്ലാത്ത പെൺകുട്ടികളെ അല്ലാഹുവിന് നിശ്ചയിക്കുകയും, അവരിഷ്ടപ്പെടുന്ന ആൺകുട്ടികളെ അവർക്ക് നിശ്ചയിക്കുകയും ചെയ്യുന്നു.

• ഇതിലെന്തു ന്യായം?

• ഭൗതിക നേട്ടങ്ങൾ ആഗ്രഹിക്കാതെ ഉപദേശം നൽകുന്നവർ സത്യസന്ധരായിരിക്കും. അവർക്ക് കടബാധ്യത വരത്തക്കവിധം വല്ല പ്രതിഫലവും പ്രവാചകരേ നീ അവരോട് ചോദിച്ചോ?

എന്ന ചോദ്യം അതാണ് സൂചിപ്പിക്കുന്നത്.

• ദിവ്യവെളിപാടില്ലാത്തവർ എങ്ങിനെയാണ് അദൃശ്യത്തെക്കുറിച്ച് പറയുക?

• കുതന്ത്രങ്ങളുടെ ഫലം അവരിലേക്ക് തന്നെ തിരിച്ച് വരും.

• തെളിവ് കിട്ടാഞ്ഞിട്ടല്ല, ആകാശത്തുനിന്ന് ഒരു കഷ്ണം വീഴുന്നത് നേർക്കുനേരെ കണ്ടാലും അത് അട്ടിയിടപ്പെട്ട മേഘമാണെന്നേ അവർ പറയൂ.

• അവരെ വിട്ടേക്കുക. അവർക്കുള്ളത് പരലോകത്ത് ലഭിക്കും.

• ശിർക്കിനും അനുസരണക്കേടിനും ഇവിടുന്ന് തന്നെ ശിക്ഷ ലഭിക്കും. ഖബ്റിൽ വേറെയും. പക്ഷെ, അധികപേരും മനസ്സിലാക്കുന്നില്ല.

• ശത്രുക്കളിൽനിന്നുണ്ടാവുന്ന പ്രയാസങ്ങളിൽ ക്ഷമിക്കുവാനും, പകലിലും രാത്രിയിലുമെല്ലാം അല്ലാഹുവിനെ പ്രകീർത്തിക്കാനും നിർദ്ദേശിച്ച് ഈ അധ്യായം അവസാനിക്കുന്നു.

• ഈ അധ്യായത്തിൽ പ്രത്യേകം പഠിപ്പിക്കേണ്ട പദങ്ങൾ:

1. മുഴുകി - **خَاض – يَخُوضُ - خَوْض**
2. തള്ളിവിട്ടു - **دعَّ – يَدُعُّ – دَعًّا**
3. തള്ളപ്പെട്ടു - **دُعَّ – يُدَعُّ – دُعًّا**
4. സുഖം ആസ്വദിച്ചു - **فَكِهَ - يَفْكَهُ – فَكَهٌ**

فَاكِهٌ (ج) فَاكِهُون